**കേരള സർക്കാർ**

**സംഗ്രഹം**

അഡ്മിനിസ്റ്റേറ്റീവ് സെക്രട്ടേറിയറ്റ് - ജീവനക്കാര്യം - പൊതുഭരണ സെക്രട്ടേറിയറ്റിലെ അണ്ടർ സെക്രട്ടറി തലം മുതൽ അഡീഷണൽ സെക്രട്ടറി തലം വരെയുള്ള ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം/സ്ഥലംമാറ്റം/നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ(സ്പെഷ്യൽ - ബി) വകുപ്പ്**

**സ.ഉ (സാധാ) നം.58/2021/പൊഭവ തിരുവനന്തപുരം, തീയതി, 05/01/2021**

| | |
|---|---|
| പരാമർശം:- | 1 സ.ഉ (സാധാ) നം.611/2020/അഗ്രി. തീയതി 30.06.2020.<br>2.ശ്രീമതി പ്രഭ ബി., അഡീഷണൽ സെക്രട്ടറിയുടെ 24.11.2020- ലെ അവധി അപേക്ഷ.<br>3.ശ്രീമതി എസ്.മാലതി, അഡീഷണൽ സെക്രട്ടറിയുടെ 29.11.2020-ലെ അവധി അപേക്ഷ.<br>4.ശ്രീമതി ലതാകുമാരി എം.ബി., അഡീഷണൽ സെക്രട്ടറിയുടെ 14.12.2020- ലെ അവധി അപേക്ഷ.<br>5 അണ്ടർ സെക്രട്ടറി ശ്രീ.സുരേഷ് കുമാർ എ.യുടെ 02/12/2020- ലെ അവധി അപേക്ഷ. |

**ഉത്തരവ്**

**I. താഴെ പറയുന്ന ഉത്തരവുകൾ അടിയന്തിരമായി പുറപ്പെടുവിക്കുന്നു.**

**II. പൊതുഭരണ സെക്രട്ടേറിയറ്റിൽ താഴെ പറയുന്ന തസ്തികകൾ ഭരണ സൗകര്യാർത്ഥം പുന:ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

1. ശ്രീ. മണിലാൽ ബി.എസ്. ചുമതല വഹിക്കുന്ന ഭക്ഷ്യപൊതുവിതരണ വകുപ്പിലെ ജോയിന്റ് സെക്രട്ടറി തസ്തികയും ശ്രീമതി മാലതി എസ്., ചുമതല വഹിച്ചിരുന്ന ഗതാഗത വകുപ്പിലെ അഡീഷണൽ സെക്രട്ടറി തസ്തികയും പരസ്പരം മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.
2. ശ്രീ. ജ്യോതികുമാർ സി. ചുമതല വഹിക്കുന്ന സ്റ്റോർ പർച്ചേയ്സ് വകുപ്പിലെ ജോയിന്റ് സെക്രട്ടറി തസ്തികയും ശ്രീമതി ലതാകുമാരി എം.ബി. ചുമതല വഹിച്ചിരുന്ന സഹകരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറി തസ്തികയും പരസ്പരം മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**III. അഡീഷണൽ സെക്രട്ടറി തസ്തികയിൽ (ശമ്പള സ്കെയിൽ 89,000-1,20,000/- രൂപ ) താഴെ പറയുന്ന സ്ഥാനക്കയറ്റം/സ്ഥലം മാറ്റം/നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

1. സീനിയർ മോസ്റ്റ് ജോയിന്റ് സെക്രട്ടറി ശ്രീ. മണിലാൽ ബി.എസ്. (പെൻ 101289) നെ അഡീഷണൽ സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഖണ്ഡിക **II(1)** പ്രകാരം തസ്തിക പുന:ക്രമീകരിച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ ഭക്ഷ്യപൊതുവിതരണ വകുപ്പിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.
2. ജോയിന്റ് സെക്രട്ടറി ശ്രീ. ജ്യോതികുമാർ സി. (പെൻ 101731) യ്ക്ക് അഡീഷണൽ സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഖണ്ഡിക **II(2)** പ്രകാരം തസ്തിക പുന:ക്രമീകരിച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ സ്റ്റോർ പർച്ചേയ്സ് വകുപ്പിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**IV. ജോയിന്റ് സെക്രട്ടറി തസ്തികയിൽ (ശമ്പള സ്കെയിൽ 85,000 - 1,17,600/-രൂപ) താഴെ പറയുന്ന സ്ഥാനക്കയറ്റം/പ്രൊവിഷണൽ പ്രൊമോഷൻ (Under Rule 31(1)(a) of KS&SSR 1958 in relaxation of existing Rules, Circulars) സ്ഥലം മാറ്റം/നിയമനം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

1. DPC അംഗീകരിച്ച് തയ്യാറാക്കിയ സെലക്ട് ലിസ്റ്റ് അവസാനിച്ചതിനാൽ നിലവിലുള്ള ചട്ടങ്ങളിലും വ്യവസ്ഥകളിലും ഇളവ് നൽകി സർവീസ് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ 1958 ലെ KS&SSR ചട്ടം 31 (1) (a) പ്രകാരം, സീനിയർ മോസ്റ്റ് ഡെപ്യൂട്ടി സെക്രട്ടറി ശ്രീമതി ഉഷ എ.ആർ. (പെൻ 101651) ന് ജോയിന്റ് സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ശ്രീമതി ശ്രീകല സി.എസ്.ജോയിന്റ് സെക്രട്ടറിയെ സ്ഥലംമാറ്റുന്ന ഒഴിവിൽ പൊതുഭരണ (അക്കൗണ്ട്സ്) വകുപ്പിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.
2. DPC അംഗീകരിച്ച് തയ്യാറാക്കിയ സെലക്ട് ലിസ്റ്റ് അവസാനിച്ചതിനാൽ നിലവിലുള്ള ചട്ടങ്ങളിലും വ്യവസ്ഥകളിലും ഇളവ് നൽകി സർവീസ് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ 1958 ലെ KS&SSR ചട്ടം 31 (1) (a) പ്രകാരം ഡെപ്യൂട്ടി സെക്രട്ടറി ശ്രീമതി ലിസ്സി കെ.ബി. (പെൻ 101734) യ്ക്ക് ജോയിന്റ് സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ശ്രീ. അനിൽ കുമാർ വി.എസ്. ജോയിന്റ് സെക്രട്ടറിയെ സ്ഥലംമാറ്റുന്ന ഒഴിവിൽ നികുതി വകുപ്പിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.
3. DPC അംഗീകരിച്ച് തയ്യാറാക്കിയ സെലക്ട് ലിസ്റ്റ് അവസാനിച്ചതിനാൽ നിലവിലുള്ള ചട്ടങ്ങളിലും വ്യവസ്ഥകളിലും ഇളവ് നൽകി സർവീസ് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ 1958 ലെ KS&SSR ചട്ടം 31 (1) (a) പ്രകാരം, ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. വിശ്വനാഥ കുറുപ്പ് ജി. (പെൻ 101723) യ്ക്ക് ജോയിന്റ് സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിലവിലെ ഒഴിവിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.
4. സ്ഥലം മാറ്റുന്ന ജോയിന്റ് സെക്രട്ടറി ശ്രീമതി ശ്രീകല സി.എസ്.(പെൻ 101565) നെ ഖണ്ഡിക **II(2)** പ്രകാരം തസ്തിക പുന:ക്രമീകരിച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ സഹകരണ വകുപ്പിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. സ്ഥലംമാറ്റുന്ന ജോയിന്റ് സെക്രട്ടറി ശ്രീ. അനിൽ കുമാർ വി.എസ്. (പെൻ 101407) നെ പാലക്കാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസിൽ രജിസ്ട്രാർ തസ്തികയിൽ നിലവിലെ ഒഴിവിൽ അന്യത്ര സേവനനിയമനത്തിന് ബാധകമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി ഒരു വർഷത്തേക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.
6. അവധിയ്ക്കുശേഷം 11/12/2020-ൽ പൊതുഭരണ സെക്രട്ടേറിയറ്റിൽ റിപ്പോർട്ട് ചെയ്ത ജോയിന്റ് സെക്രട്ടറി ശ്രീമതി വിജയശ്രീ കെ.എസ്. (പെൻ 101226)നെ അന്നേ ദിവസം തന്നെ ജോലിയിൽ പ്രവേശിപ്പിച്ച്, ഖണ്ഡിക **II(1)** പ്രകാരം തസ്തിക പുന:ക്രമീകരിച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ ഗതാഗത വകുപ്പിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**V. ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിൽ (ശമ്പള സ്കെയിൽ 77,400 -1,15,200/-രൂപ) താഴെ പറയുന്ന സ്ഥാനക്കയറ്റം/സ്ഥലം മാറ്റം/നിയമനം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

1. സീനിയർ മോസ്റ്റ് ജനറൽ സർവ്വീസ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആയ ശ്രീ.അനിൽ കുമാർ സി.എസ്.നെ (പെൻ 599322) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ശ്രീ.ബിജുമോൻ ജോസഫ് ഡെപ്യൂട്ടി സെക്രട്ടറിയെ സ്ഥലംമാറ്റുന്ന ഒഴിവിൽ എറണാകുളം ഗവ.മെഡിക്കൽ കോളേജിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിൽ **(ശമ്പള സ്കെയിൽ 68,700-1,10,400/-രൂപ)** നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.
2. അവധിയ്ക്കുശേഷം 01/12/2020-ൽ പൊതുഭരണ സെക്രട്ടേറിയറ്റിൽ റിപ്പോർട്ട് ചെയ്ത ഡെപ്യൂട്ടി സെക്രട്ടറി ശ്രീ.എസ്.ഗിരിധരൻപിളളയെ (പെൻ 101389) അന്നേ ദിവസം തന്നെ ജോലിയിൽ പ്രവേശിപ്പിച്ച് ശ്രീമതി ലിസ്സി കെ.ബി. ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ഒഴിവിൽ മത്സ്യഫെഡിൽ പേഴ്സണൽ മാനേജർ തസ്തികയിൽ അന്യത്ര സേവനനിയമനത്തിന് ബാധകമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി ടിയാന്റെ വിരമിയ്ക്കൽ തീയതിയായ 30/04/2021 വരെ അന്യത്ര സേവനത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.
3. കൊറോണ വാർ റൂമിലെ ഡ്യൂട്ടിയിൽ നിന്നും വിടുതൽ ചെയ്ത് 28/12/2020-ൽ പൊതുഭരണ സെക്രട്ടേറിയറ്റിൽ റിപ്പോർട്ട് ചെയ്ത ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. സുധീർബാബു റ്റി. (പെൻ 101035) യെ, അന്നേ ദിവസം തന്നെ ജോലിയിൽ പ്രവേശിപ്പിച്ച്, ശ്രീമതി ഉഷ എ.ആർ. ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ഒഴിവിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.
4. സ്ഥലംമാറ്റുന്ന ഡെപ്യൂട്ടി സെക്രട്ടറി ശ്രീ.ബിജുമോൻ ജോസഫിനെ (പെൻ 101243) ഡെപ്യൂട്ടി സെക്രട്ടറി ശ്രീ.വിശ്വനാഥ കുറുപ്പ് ജി.യ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ഒഴിവിൽ എറണാകുളം നോർക്ക റൂട്സിൽ, സർട്ടിഫിക്കറ്റ് ഓതന്റിക്കേഷൻ ഓഫീസിൽ ഹോം അറ്റസ്റ്റേഷൻ ഓഫീസർ തസ്തികയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**VI. അണ്ടർ സെക്രട്ടറി തസ്തികയിൽ (ശമ്പള സ്കെയിൽ 45,800 - 89,000/- രൂപ ) താഴെ പറയുന്ന സ്ഥലം മാറ്റം/നിയമനം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**1.** അവധിയ്ക്കുശേഷം 07/12/2020-ൽ പൊതുഭരണ സെക്രട്ടേറിയറ്റിൽ റിപ്പോർട്ട് ചെയ്ത അണ്ടർ സെക്രട്ടറി ശ്രീമതി.ഹസീന പി.എസ്.(പെൻ 100855)നെ അന്നേ ദിവസം തന്നെ ജോലിയിൽ പ്രവേശിപ്പിച്ച് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (ജനറൽ സർവ്വീസ്) ശ്രീ.അനിൽ കുമാർ

സി.എസ്.ന് സ്ഥാനക്കയറ്റം ലഭിച്ച ഒഴിവിൽ എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**2.** അവധിയ്ക്കുശേഷം 21/12/2020-ൽ പൊതുഭരണ സെക്രട്ടേറിയറ്റിൽ റിപ്പോർട്ട് ചെയ്ത അണ്ടർ സെക്രട്ടറി ഡോക്ടർ മഞ്ജു.കെ.(പെൻ 103693) യെ അന്നേ ദിവസം തന്നെ ജോലിയിൽ പ്രവേശിപ്പിച്ച് അണ്ടർ സെക്രട്ടറി ശ്രീ.സുരേഷ് കുമാർ എ. അവധിയിൽ പ്രവേശിച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ചഡ്-ൽ രജിസ്ട്രാർ തസ്തികയിൽ അന്യത്ര സേവനനിയമനത്തിന് ബാധകമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി ഒരു വർഷത്തേക്ക് അന്യത്ര സേവനത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3.** അണ്ടർ സെക്രട്ടറി ശ്രീ.അരവിന്ദ് ബി.എസ് (പെൻ 100869) നെ മലപ്പുറം ജില്ലാ പഞ്ചായത്തിലെ ഫിനാൻസ് ഓഫീസർ തസ്തികയിൽ നിന്നും പൊതുഭരണ സെക്രട്ടേറിയറ്റിൽ തിരികെ പ്രവേശിപ്പിച്ച് പരാമർശം ഉത്തരവു പ്രകാരം കർഷകക്ഷേമനിധി ബോർഡിൽ സൃഷ്ടിച്ച അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിൽ അന്യത്ര സേവനനിയമനത്തിന് ബാധകമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി ഒരു വർഷത്തേക്ക് അന്യത്ര സേവനത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സുധ ബി.**
**ഡെപ്യൂട്ടി സെക്രട്ടറി**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും വകുപ്പുകൾക്കും
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം, തിരുവനന്തപുരം.
രജിസ്ട്രാർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസ്, പാലക്കാട്
പ്രിൻസിപ്പൽ, ഗവ.മെഡിക്കൽ കോളേജ്, എറണാകുളം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്, എറണാകുളം
പേഴ്സണൽ മാനേജർ, മത്സ്യഫെഡ് , തിരുവനന്തപുരം.
ഡയറക്ടർ, എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, കർഷകക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
ഡയറക്ടർ, സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ചഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ & ഇ) കേരള, തിരുവനന്തപുരം.
സബ്ബ് ട്രഷറി ഓഫീസർ സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

പൊതുഭരണ(എസ് എസ്/എസ് സി/സി ആർ സെൽ /അക്കൗണ്ട്സ് ഇ, ജെ, കെ, വി, എം, ബി ഡബ്ള്യു, സർവ്വീസസ് ഇ, എച്ച് കെ സി(എ/ബി) /പി എ ബി എക്സ്/ ഏകോപനം/ എ എം സി) വകുപ്പ്.
വിവര പൊതുജന സമ്പർക്ക വകുപ്പ്(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
ഓഫീസ് പകർപ്പ്/കരുതൽ ഫയൽ

**ഉത്തരവിൻപ്രകാരം**

Smitha. A.S.

**സെക്ഷൻ ഓഫീസർ**

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്

പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ ക്ക്